## 26

*രീതി : ഇന്നു നാം വണങ്ങി*

ദേവജന സമാജമേ നിങ്ങളശേഷം
ജീവനാഥനെ സ്തുതിപ്പിൻ
ജീവനരുളും ദിവ്യജീവാമൃതമാം യേശു
ദേവൻ നമ്മുടെ മദ്ധ്യേ മേവുന്നതു നിമിത്തം

1 ചാവിന്നവകാശത്തിൽ നിന്നതിദയയാൽ
ദേവൻ ദത്താക്കിനാൻ നമ്മെ
ശാപമകന്ന പുതു ഭൂവാനങ്ങളിൽ സദാ
മേവുന്നതിനായ് നിത്യജീവൻ നൽകിനാനവൻ.

2 കല്ലുകളിൽ വരച്ചതാം ചാവിൻ ശുശ്രൂഷ-
യ്ക്കുള്ളിലിരുന്നയീ നമ്മെ
അല്ലൽ കൂടാതെ തന്റെ തുല്യമില്ലാത്ത കൃപ
യ്ക്കുള്ളിൽ കടത്തി പുതുവുള്ളം നൽകിനാനവൻ

3 ഏകാത്മസ്നാനം മൂലവും അത്രയുമല്ല
ഏകാത്മപാനം വഴിയും
ഏക ശരീരമായിട്ടേകി ഭവിച്ചതിനാൽ
ഏക പൂപാനുഭോഗഭാഗികളായിതു നാം

4 താനേ കഴിച്ചൊരേകമാം ബലിയാൽ തന്റെ
സൂനു സമുദായങ്ങളെ
ഊനമകറ്റി നിത്യ വാനരാജ്യാവകാശ
സ്ഥാനമതികലാക്കീട്ടാനന്ദാമൃതമേകി

5 കർത്തൃനിർമ്മിതമായുള്ള പൊരുളാം
ദിവ്യ സത്യകൂടാരമതികൽ

ശുദ്ധ ശുശ്രൂഷകനാം നിത്യപുരോഹിതൻ താ-

നത്യാദരം നമുക്കായദ്യാപി ജീവിക്കുന്നു.

6 ഭൂവാനങ്ങളിൽ യോജിപ്പാം ദൈവാലയത്തിൽ
ജീവാരാധന ചെയ്യുവാൻ
ലേവ്യപുരോഹിതത്വമാകവേ നീക്കി സർവ്വ
സേവ്യമാനനാമവനാചാര്യരാക്കി നമ്മെ

**K.V.S**